ഉത്തരം

(എ, ബി ആൻഡ് സി) വിവരം ശേഖരിച്ചുവരുന്നു.

ആത്മഹത്യാ പ്രവണതയ്ക്കെതിരെ ബോധവൽക്കരണം

15 [777] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻതോതിൽ ആത്മഹത്യകൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം സർക്കാർ നടത്തിയിട്ടുണ്ടോ;

(സി) ജനങ്ങളെ ആത്മഹത്യയിലേക്ക് പ്രേരിപ്പിക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് പഠനം നടത്തുമോ;

(ഡി) ആത്മഹത്യാ പ്രവണതയ്ക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് സർക്കാർ രൂപം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വൻതോതിൽ ആത്മഹത്യകൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില ജില്ലകളിൽ ആത്മഹത്യ വർദ്ധിച്ചുവരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) മാനസിക പ്രയാസം, രോഗ കാരണം, സാമ്പത്തിക പ്രയാസങ്ങൾ, കുടുംബ പ്രശ്നങ്ങൾ മുതലായവയാണ് ആത്മഹത്യയ്ക്കുള്ള പ്രധാന കാരണങ്ങളായി കാണുന്നത്.

(ഡി) സന്നദ്ധസേവന സംഘങ്ങളുമായി സഹകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുന്നതാണ്.

പയ്യന്നൂർ നിയോജക മണ്ഡലത്തിലെ പദ്ധതികൾ

16 [778] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ നിയോജക മണ്ഡലത്തിൽ തുടങ്ങി വച്ചതും ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയുന്നതുമായ പദ്ധതികളെ സംബന്ധിച്ച് ലഭിച്ച നിവേദനങ്ങളിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

മുഖ്യമന്ത്രിയുടെ ഒരു വർഷത്തെ ആക്ഷൻ പ്ലാൻ നിയോജക മണ്ഡല അടിസ്ഥാനത്തിലോ നിവേദനങ്ങളുടെ അടിസ്ഥാനത്തിലോ അല്ല തയ്യാറാക്കിയിരിക്കുന്നത്. വകുപ്പടിസ്ഥാനത്തിലാണ് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly